പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 137 — 06.01.2014 -ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിപണനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2011-2012, 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വിവിധയിനം മദ്യം, ബീയർ എന്നിവ വാങ്ങിയത് സംബന്ധിച്ച മൊത്ത കണക്കുകൾ വിശദമാക്കാമോ; ഓരോ വർഷവും എത്ര കോടി രൂപയുടെ മദ്യം വാങ്ങുകയുണ്ടായി; ഓരോ വർഷവും നികുതി ഇനത്തിൽ ലഭിച്ച ആകെ തുക എത്ര; | (എ) | 2011-2012, 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വിവിധയിനം മദ്യം, ബീയർ എന്നിവ വാങ്ങിയതിന്റെ കണക്കും, ഓരോ വർഷവും നികുതി ഇനത്തിൽ സർക്കാരിലേക്ക് നൽകിയ തുകയുടെ വിവരങ്ങളും, അനുബന്ധം - I ആയി കൊടുത്തിരിക്കുന്നു. |
| (ബി) | ടി കാലയളവിൽ മദ്യത്തിന്റെ വില എത്ര തവണ വർദ്ധിപ്പിച്ചു കൊടുത്തു ; മദ്യവില വർദ്ധിപ്പിച്ചു നല്കിയതു വഴി ഓരോ വർഷവും മദ്യക്കമ്പനികൾക്ക് ലഭിച്ച അധിക തുക എത്ര ; നികുതി വരുമാനത്തിൽ സർക്കാരിന് ലഭിച്ച അധിക വരുമാനം എത്ര; | (ബി) | 2011-2012, 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ ഒരിക്കൽ മാത്രമാണ് മദ്യത്തിന്റെ വില വർദ്ധിപ്പിച്ചു നല്കിയത്. ഈ ഇനത്തിൽ 01.08.2012 മുതൽ 31.03.2013 വരെയുള്ള കാലഘട്ടത്തിൽ മദ്യവിതരണക്കാർക്ക് ഈ ഇനത്തിൽ 41 കോടി രൂപ അധികമായി ലഭിച്ചു. കൂടാതെ, 250 കോടി രൂപ ഖജനാവിലേക്ക് അധികമായി ലഭിക്കുകയുമുണ്ടായി. |
| (സി) | പ്രസ്തുത കാലയളവിൽ ഓരോ വർഷവും കോർപ്പറേഷൻ വാങ്ങിയ മൊത്തം മദ്യം എത്ര ; മദ്യവിപണനം വർദ്ധിക്കുകയുണ്ടായോ; കുറയുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം - II ആയി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| വർഷം | മദ്യത്തിന്റെ ആകെ വാങ്ങിയ വില (രൂപ കോടിയിൽ) | ബിയറിന്റെ ആകെ വാങ്ങിയ വില (രൂപ കോടിയിൽ) | വൈനും ബിയറും ഉൾപ്പെടെ കോർപ്പറേഷൻ വാങ്ങിയ മദ്യത്തിന്റെ ആകെ വില (രൂപ കോടിയിൽ) | നികുതിയിനത്തിൽ സർക്കാർ ഖജനാവിലേയ്ക്ക് കോർപ്പറേഷൻ നല്കിയ തുക (രൂപ കോടിയിൽ) |
|---|---|---|---|---|
| 2011-12 | 1103.62 | 258 | 1362 | 6292 |
| 2012-13 | 1203 | 278.78 | 1482 | 7241 |
| 2013-14 (ഏപ്രിൽ മുതൽ നവംബർ വരെ | 812.74 | 191.32 | 1004 | 4954 |

[signature]
സെക്ഷൻ ഓഫീസർ.

# <u>അനുബന്ധം - II</u>

| (i) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന - അളവിന്റെ അടിസ്ഥാനത്തിൽ | | |
|---|---|---|
| വർഷം | വില്പന അളവിന്റെ അടിസ്ഥാനത്തിൽ (കെയ്സുകൾ ലക്ഷത്തിൽ) | വില്പനയുടെ വർദ്ധനവ് മുൻവർഷവുമായി താരതമ്യം ചെയ്തത് (ശതമാനത്തിൽ) |
| 2011-12 | 241.78 | 11% |
| 2012-13 | 244.33 | 1% |
| 2013-14<br>**2013** ഏപ്രിൽ മുതൽ **2013** നവംബർ വരെയുള്ള **160.13** ലക്ഷം കെയ്സുകൾ.<br>**2012** എപ്രിൽ മുതൽ **2012** നവംബർ വരെയുള്ള **164.13** ലക്ഷം കെയ്സുമായി മദ്യമാണ് താരതമ്യം ചെയ്തത്. | 160.13 | -2% |

| (ii) ആകെ വില്പന മൂല്യത്തിന്റെ അടിസ്ഥാനത്തിൽ | | |
|---|---|---|
| വർഷം | ആകെ വില്പനയുടെ മൂല്യം (രൂപ കോടിയിൽ) | വില്പനയുടെ തോത് മുൻവർഷവുമായി താരതമ്യം ചെയ്തത് (ശതമാനത്തിൽ) |
| 2011-12 | 7862 | 17% |
| 2012-13 | 8818 | 12% |
| 2013-14<br>**2013** ഏപ്രിൽ മുതൽ **2013** നവംബർ വരെയുള്ള **6089.87** കോടി രൂപ.<br>**2012** എപ്രിൽ മുതൽ **2012** നവംബർ വരെയുള്ള **5784.19** കോടി രൂപയുമായി താരതമ്യം ചെയ്തത്. | 6090 | 5% |

ലെയ്സൺ ഓഫീസർ.